# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2531      27/01/2014-ൽ മറുപടിക്ക്

## കാൻസർ രോഗികൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ

**ചോദ്യം** — ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**മറുപടി** — ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ക്യാൻസർ രോഗികൾക്കായി ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ എന്തൊക്കെ ചികിത്സാ സൗകര്യങ്ങളാണുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | പ്രധാനമായും സർജറി, കീമോതെറാപ്പി, റേഡിയേഷൻ തെറാപ്പി എന്നീ മൂന്നുതരം ചികിത്സാ രീതികളാണ് കാൻസർ രോഗ ബാധിതർക്ക് നൽകുന്നത്. ഇതിനായി ആർ.സി.സി.യിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ ലഭ്യമാണ്.<br>**<u>റേഡിയോ തെറാപ്പി സൗകര്യം</u>**<br>സാധാരണയായുള്ള 2D റേഡിയോ തെറാപ്പിക്കു പുറമെ 3D Conformal Radiotherapy, IMRT, IGRT, SRS, SRT എന്നീ അത്യന്താധുനിക ചികിത്സാ രീതികളും ഇത്തരം ചികിത്സ നൽകുന്നതിനുള്ള ടെലി തെറാപ്പി മെഷീനുകളായ ലീനിയർ ആക്സിലറേറ്ററുകൾ (റാപ്പിഡ് ആർക്, പോർട്ടൽ ഇമേജിംഗ്, കോൺബീം സി.ടി. സൗകര്യങ്ങളോടു കൂടിയ) ടെലി കോബാൾട്ട് യൂണിറ്റ് എന്നിവയ്ക്കു പുറമെ ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റം, കൺവെൻഷണൽ സിമുലേറ്റർ 4D CT Simulator, Quality Assurance Equipment മുതലായവയും Brachytherapy ചികിത്സ നൽകുന്നതിനുള്ള HDR യൂണിറ്റ്, Image Guided Brachytherapy എന്നീ സൗകര്യങ്ങളും ആർ.സി.സി.യിലുണ്ട്.<br>**<u>ശസ്ത്രക്രിയാ സൗകര്യങ്ങൾ</u>**<br>• ആധുനിക ഓപ്പറേഷൻ തിയേറ്ററുകൾ (6 എണ്ണം)<br>• Operating Microscope & Video Endoscopes.<br>• Minimally Invasive surgery<br>• Limb Salvage Surgery<br>• Sentinel limb node biopsy<br>• State of the art – ICU<br>• Mobile C – arm image intensifier<br>• Laser for Microlaryngeal surgery |

- Precision drill and draw system

<u>കീമോതെറാപ്പി സൗകര്യങ്ങൾ</u>

**എല്ലാത്തരം ക്യാൻസറുകൾക്കും കീമോതെറാപ്പി നൽകുന്നതിനുള്ള സജ്ജീകരണങ്ങൾ**

നാലു കിടക്കകളോടുകൂടിയ ഒരു Bone Marrow Transplant Unit High Dependency Chemotherapy ward.

മലബാർ കാൻസർ സെന്ററിൽ നിലവിൽ താഴെ പറയുന്ന ചികിത്സാ സൗകര്യങ്ങളുണ്ട്.

- ആധുനിക റേഡിയേഷൻ ചികിത്സ് ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ , റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം
- ആധുനിക സൗകര്യങ്ങളോടു കൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോ പാത്തോളജി, മൈക്രോ ബയോളജി വിഭാഗം
- സി.ടി. സിമുലേടർ അത്യാധുനിക എം.ആർ.ഐ സ്കാനർ, സി.ടി സ്കാൻ 500 എം.എ, എക്സ്റേ മെഷീനും , അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സ്റെ, മാമോഗ്രാഫിയും ഇമേജിയോളജിയും വിഭാഗം
- ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷന്റ് വിഭാഗം
- ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം
- എന്റോസ്കോപ്പി , കോളോണോ സ്കോപ്പി, ബ്രോങ്കോ സ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ
- രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ബ്ലഡ് ബാങ്ക്
- ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്
- ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടേയുള്ള കീമോ തെറാപ്പി ചികിത്സ
- കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.
- മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും , ഡോക്ടർമാർക്കും , എം.സി.സിയിലെ ഡോക്ടർമാരുമായി അവരുടേ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ച വരുന്നുണ്ട്
- 125 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്
- ബോൺ മാരോ ട്രാൻസ്പ്ലാന്റേഷൻ സംവിധാനം.

| | | | |
|---|---|---|---|
| | | | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കാൻസർ രോഗ നിയന്ത്രണത്തിനും ചികിത്സയ്ക്കും ആവശ്യമായ സൗകര്യങ്ങളുണ്ട്. കീമോതെറാപ്പി, റേഡിയേഷൻ, കാൻസർ സംബന്ധമായ സർജറി എന്നിവയ്ക്കുള്ള സൗകര്യം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്. |
| (ബി) | ക്യാൻസർ രോഗി ചികിത്സയ്ക്കുള്ള ചെലവ് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത വിധത്തിലുള്ളതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ക്യാൻസർ ചികിൽസ പൊതുവെ ചെലവേറിയതാണ്. എന്നാൽ സാധാരണക്കാ ർക്ക് പ്രത്യേകിച്ച് കുടുംബ വരുമാനം തീരെ കുറവുള്ള രോഗികൾക്കായി പല വിധത്തിലുള്ള ക്ഷേമ പദ്ധതികളുമുണ്ട്.<br>സർക്കാർ തലത്തിലുള്ള ക്ഷേമപദ്ധതികൾ താഴെപ്പറയുന്നവയാണ്.<br><br>• കുട്ടികൾക്കായുള്ള ക്യാൻസർ സുരക്ഷാ പദ്ധതി<br>• ചിസ് പ്ളസ്<br>• കാരുണ്യ ബെനവൊളൻറ് ഫണ്ട്.<br>• സൊസൈററി ഫോർ മെഡിക്കൽ അസിസ്ററൻറ് ടു ദി പൂവർ (Society for Medical Assistance to the Poor)<br>• താലോലം പദ്ധതി<br>• Comprehensive Health Care Scheme for Scheduled Castes/Scheduled Tribes.<br>• Endosulphan ഇരകൾക്കുള്ള സ്നേഹ സാന്ത്വനം പദ്ധതി<br>• പ്രധാന മന്ത്രിയുടെ / മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം.<br>• ഇ.എസ്.ഐ പദ്ധതി.<br><br>മേൽ വിവരിച്ച സർക്കാർ ക്ഷേമ പദ്ധതികൾക്കു പുറമേ ആർ.സി.സിയിൽ നിന്നും താഴ്ന്ന വരുമാനക്കാരായ രേഗികൾക്ക് നൽകുന്ന ക്ഷേമ പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>• വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പൂർണ്ണമായോ സൗജന്യനിരക്കിലോ ഉള്ള ചികിൽസ രോഗ നിർണ്ണയ സൗകര്യം.<br>• അക്ഷയ പാത്രം പദ്ധതി പ്രകാരം സൗജന്യ ഭക്ഷണം<br>• ഡ്രഗ് ബാങ്ക് വഴി സൗജന്യമായി മരുന്നുകൾ.<br>• കിങ്ങിണിച്ചെപ്പ് എന്ന ഫണ്ടിൽ നിന്നും കുഞ്ഞുങ്ങളുടെ ചികിൽസക്കുള്ള സഹായവും സൗജന്യ മരുന്നുകളും<br>• Home Away from Home പദ്ധതി പ്രകാരം ചികിൽസക്ക് എത്തുന്ന കുഞ്ഞുങ്ങൾക്കും രക്ഷിതാക്കൾക്കും ഉള്ള താമസ സൗകര്യം. മാത്രമല്ല ആന്റികാൻസർ ഉൾപ്പെടെ സൗജന്യ ചികിത്സയാണ് സർക്കാർ മെഡിക്കൽ കോളേജുകളിൽ നൽകി വരുന്നത്. |

| | | | |
|---|---|---|---|
| (സി) | ക്യാൻസർ രോഗത്തിനുള്ള മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് രോഗികൾക്കു ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) | മരുന്നു കമ്പനികളിൽ നിന്നും നേരിട്ട് മരുന്നുകൾ സംഭരിച്ച് പുറത്തുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭിക്കുന്നതിനേക്കാൾ വളരെ വിലകുറച്ച് ആർ.സി.സി.യുടെ ഫാർമസി വഴി ഇവിടെ ചികിൽസതേടിയെത്തുന്ന രോഗികൾക്ക് നൽകി വരുന്നു. തിരഞ്ഞെടുത്ത മരുന്നുകൾ സൗജന്യമായി സർക്കാർ മെഡിക്കൽ കോളേജുകളിൽ എത്തുന്ന രോഗികൾക്ക് നൽകി വരുന്നു. കൂടാതെ കുറഞ്ഞ വിലയിൽ കാരുണ്യ ഫാർമസി വഴിയും മരുന്നുകൾ ലഭ്യമാക്കി വരുന്നു. മലബാർ കാൻസർ സെന്ററിൽ മരുന്നുകൾ വാങ്ങുന്നതിലേക്കായി ടെണ്ടറുകൾ ക്ഷണിക്കുകയും, സെന്ററിലെ വിദഗ്ദ്ധ ഡോക്ടർമാരടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ, ടെണ്ടർ വ്യവസ്ഥ അനുസരിച്ച് തെരഞ്ഞെടുക്കുന്നവരുമായി നെഗോസിയേഷൻ നടത്തി പരമാവധി കുറഞ്ഞ വിലക്കാണ് മരുന്നുകൾ വാങ്ങുന്നത്. ഇപ്രകാരം ലഭ്യമാക്കുന്ന തുകയുടെ പുറമെ വളരെ തുച്ഛമായ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ (10%) ഉൾപ്പെടുത്തിയുള്ള തുകക്കാണ് മരുന്നുകൾ രോഗികൾക്ക് നൽകി വരുന്നത്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കാൻസർ കെയർ പദ്ധതിയിലൂടെയും കേന്ദ്ര ആവിഷ്കൃത പദ്ധതിയായ NPCDCS ലൂടെയും കാൻസറിനുള്ള മരുന്ന് സൗജന്യമായി നൽകി വരുന്നു. |
| (ഡി) | ഇതു സംബന്ധിച്ച ഉപഭോക്തൃ തർക്കപരിഹാരഫോറത്തിന്റെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ? | (ഡി) | കാൻസർ രോഗ ചികിത്സാ സൗകര്യം സംബന്ധിച്ച് എറണാകുളം ജില്ലാ ഉപഭോക്തൃ പരിഹാര ഫോറത്തിന്റെ 21/12/2013-ലെ CC No.24/2009 നമ്പർ ഉത്തരവിലെ എതിർ കക്ഷി പട്ടികയിൽ ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളൊന്നും ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ